ങ്കിൽ അതിന്റെ വിവരങ്ങൾ എന്നിങ്ങനെ എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന ഒരു സമഗ്രരേഖയായിരിക്കും റവന്യൂകാർഡ്.

(ഡി) ആവശ്യമുള്ളത്രയും അപേക്ഷാഫാറങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്നുണ്ട്. ഇപ്പോൾ അപേക്ഷാഫാറം ലഭിക്കുന്നതിൽ ഒരു ബുദ്ധിമുട്ടും ഇല്ല.

(ഇ)&(എഫ്) റവന്യൂകാർഡിനുള്ള അപേക്ഷാ ഫാറം ലഭിക്കുന്നില്ലായെന്നുള്ള കാര്യത്തിലാണ് പ്രധാനമായും പരാതികൾ ലഭിച്ചിട്ടുള്ളത്. ആവശ്യമുള്ള അപേക്ഷാഫാറങ്ങൾ വിതരണം ചെയ്തതോടെ ആ പരാതി പരിഹരിച്ചിട്ടുണ്ട്.

54 (578) റവന്യൂ കാർഡ് ചട്ടങ്ങൾ

<u>ശ്രീ. കെ.സി. ജോസഫ്</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>പ്രൊഫസർ സാവിത്രി ലക്ഷ്മണൻ</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റവന്യൂകാർഡ് ആക്ടനുസരിച്ചുള്ള ചട്ടങ്ങൾ എന്നാണ് പ്രാബല്യത്തിൽ വന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന റവന്യൂ കാർഡിനുള്ള അപേക്ഷാഫാറവും ഇപ്പോൾ വിതരണം നടത്തിക്കൊണ്ടിരിക്കുന്ന അപേക്ഷാഫാറവും തമ്മിൽ എന്തെല്ലാം കാര്യങ്ങളിൽ വ്യത്യാസം വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന അപേക്ഷാഫാറത്തിൽ നിന്നും വ്യത്യസ്തമായ ഫാറം ജനങ്ങൾക്ക് നൽകുന്നത് നിയമപരമായി സാധൂകരിക്കാവുന്നതാണോ എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂകാർഡ് ചട്ടങ്ങൾ 1999 ഡിസംബർ 12-ന് അസാധാരണ ഗസറ്റായി പ്രസിദ്ധം ചെയ്തിട്ടുണ്ട്.

(ബി) വ്യത്യാസമില്ല.

(സി) ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന ഫോറം തന്നെയാണ് ജനങ്ങൾക്ക് നൽകുന്നത്.

55 (579) മലയോര കർഷകർക്ക് പട്ടയം

<u>ശ്രീ. കെഎം. മാണി</u> :
<u>ശ്രീ. സി.എഫ്. തോമസ്</u> :
<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> :
<u>ശ്രീ. തോമസ് ചാഴികാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പട്ടയം ലഭിക്കുന്നതിന് സങ്കീർണ്ണമായ നിബന്ധനകൾ ഉൾപ്പെടുത്തിയതുമൂലം പട്ടയ വിതരണം മന്ദഗതിയിലായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പട്ടയ വിതരണം ആരംഭിക്കുന്നതിന് ആദ്യം വച്ചിരുന്ന നിബന്ധനകൾ എന്തൊക്കെയായിരുന്നുവെന്നും അതിനുശേഷം എത്ര ഭേദഗതികൾ വരുത്തിയെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം വരുത്തിയ ഭേദഗതികൾ കർഷകർക്ക് ഗുണകരമാണോയെന്ന് പരിശോധിക്കുമോ; ഭേദഗതി വരുത്തി പുറപ്പെടുവിച്ച ഉത്തരവുകളുടെ കോപ്പി ലഭ്യമാകുമോ;

(ഇ) ഈ പട്ടയ വിതരണത്തിനെതിരെ നിലവിൽ ഏതെങ്കിലും കേസുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

<u>ഉത്തരം</u>

(എ) കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 1-1-1977-ന് മുമ്പ് കൈയ്യേറിയ 28588.159 ഹെക്ടർ വനഭൂമി മലയോര കർഷകർക്ക് പതിച്ചുകൊടുക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതിൽ 25384.59 ഹെക്ടറ്റർ ഭൂമി പതിച്ചുനൽകാനായിട്ടുള്ളത് ഇടുക്കി ജില്ലയിലാണ്. മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനുവേണ്ടി ഇടുക്കി ജില്ലയിൽ 10 ഭൂമിപതിവ് ഓഫീസുകളും 4 സർവ്വേ സൂപ്രണ്ട് ഓഫീസുകളും 4.11.1999-ന് പ്രവർത്തനം ആരംഭിച്ചു. മേൽപ്പറഞ്ഞ പത്ത് ഭൂമിപതിവ് ഓഫീസുകളിലേക്കായി 290 വിവിധ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ചു. ജില്ലയിലെ പത്തു പട്ടയ വിതരണ ഓഫീസുകളിലും പട്ടയനടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ജില്ലയിലെ പട്ടയവിതരണ നടപടികൾ സുധാര്യമാക്കുന്നതിനു വേണ്ടി ഓരോഭൂമി പതിവ് ഓഫീസുകളിലും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ കർഷക സംഘടനാ പ്രതിനിധികളെ ഉൾക്കൊള്ളിച്ച് ഉപദേശക സമിതികൾ രൂപവൽക്കരിച്ചു.

(ബി) ഇല്ല. എല്ലാ ജില്ലകളിലും പട്ടയ വിതരണ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) കൈവശക്കാർ വനഭൂമി വനേതര ആവശ്യങ്ങൾക്കുപയോഗിച്ചതുകൊണ്ട് പ്രകൃതിയുടെ സന്തുലിതാവസ്ഥയിൽ വന്ന വ്യതിയാനം കാരണമുള്ള നഷ്ടത്തിന് നഷ്ടപരിഹാരത്തുക ഈടാക്കണമെന്ന ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഒരു കമ്മിറ്റി രൂപീകരിച്ച് ടി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 19.11.1999-ലെ സ:ഉ:(എം.എസ്)461/99/ആർ.ഡി. പ്രകാരം നഷ്ടപരിഹാര തുക താഴെപറയുന്ന രീതിയിൽ ഈടാക്കുന്നതിൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(1) 25 സെന്റ് വരെ കൈവശമുള്ളവരെയും പട്ടികജാതി പട്ടികവർഗ്ഗക്കാരേയും നഷ്ടപരിഹാരത്തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) അതിന് മുകളിൽ കൈവശമുള്ളവർ ഏക്കറിന് 5000/-രൂപ നിരക്കിൽ നഷ്ടപരിഹാരത്തുക അടയ്ക്കേണ്ടതാണ്.

എന്നാൽ 6.5.2000-ലെ ജി.ഒ.(എം.എസ്)115/2000/ആർ.ഡി.നമ്പർ പ്രകാരം നഷ്ടപരിഹാരത്തുക താഴെപറയും രീതിയിൽ കുറച്ചുകൊണ്ട് വീണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(1) 2 ഏക്കറിന് താഴെയുള്ളവരെയും പട്ടികജാതി-പട്ടികവർഗ്ഗക്കാരേയും നഷ്ടപരിഹാരത്തുക അടയ്ക്കുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

(2) 3 ഏക്കർ വരെ കൈവശമുള്ളവർ ഏക്കറിന് 1000/- രൂപ നിരക്കിൽ നഷ്ടപരിഹാരത്തുക അടയ്ക്കേണ്ടതാണ്.

(3) 4 ഏക്കർ വരെ കൈവശമുള്ളവർ ഏക്കറിന് 1500/- രൂപ നിരക്കിൽ നഷ്ടപരിഹാരത്തുക അടയ്ക്കേണ്ടതാണ്.

(ഡി) നഷ്ടപരിഹാരം കുറച്ച് ഭേദഗതി കർഷകർക്ക് ഗുണകരമാണ്. ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.†

(ഇ) നേച്ചർ ലവേഴ്സ് മൂവ്മെന്റ് സുപ്രീം കോടതിയിൽ പ്രത്യേക അനുവാദ ഹർജി (സ്പെഷ്യൽ ലീവ് പെറ്റിഷൻ) ഫയൽ ചെയ്തതിന്റെ (എസ്.എൽ.പി.(സി) 3719/2000) അടിസ്ഥാനത്തിൽ സുപ്രീം കോടതി, 1-1-1977ന് മുമ്പ് വനഭൂമി കൈയ്യേറിയവർക്ക് ടി. ഭൂമി പതിച്ചുകൊടുക്കുമ്പോൾ ടി പതിവ് മേൽ അപ്പീലിൻമേൽ ഉള്ള ഉത്തരവിന് വിധേയമായിട്ടായിരിക്കും എന്ന് പതിവുത്തരവിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ് എന്ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

56 (580) റവന്യൂകാർഡിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമം

<u>ശ്രീ. പി.പി. തങ്കച്ചൻ</u> :

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം റവന്യൂ കാർഡിനുള്ള എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചു; ഈ അപേക്ഷകരുടെ വരുമാനം സംബന്ധിച്ച പാറ്റേൺ എന്തെന്ന് വ്യക്തമാക്കുമോ; ഇതനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ എത്രവരുമെന്ന് വെളിപ്പെടുത്തുമോ;

(ബി) റവന്യൂകാർഡിൽ കൊടുത്തിട്ടുള്ള വരുമാനം ശരിയാണെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തുമോ;

(സി) ഇല്ലെങ്കിൽ അതു സംബന്ധിച്ച് എന്ത് നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) റവന്യൂ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരുന്ന പക്ഷം അത് വരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly